**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3985 — 15.03.2017 -ൽ മറുപടിക്ക്

## ടൂറിസം മേഖലയിലെ വികസനത്തിന് പുതിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | ടൂറിസം വികസനത്തിൽ മദ്യനിരോധനം ആഘാത മുണ്ടാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) | വിനോദ സഞ്ചാര മേഖലയുടെ വികസനവും, മദ്യലഭ്യതയും തമ്മിലുള്ള ബന്ധത്തെപ്പറ്റി പ്രത്യേക പഠനങ്ങൾ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ നിലവിലെ വിനോദ സഞ്ചാരി കളുടെ വരവിലുള്ള വളർച്ചാ നിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടത് മനസ്സിലാക്കുന്നതിനായി "Trade Research Survey 2016" എന്ന പഠനം നടത്തുകയും പ്രസ്തുത പഠനത്തിൽ, പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലു കളിൽ നടക്കുന്ന മീറ്റിംഗ്, കൺവെൻഷൻ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ കല്യാണങ്ങൾ എന്നിവയുടെ വളർച്ചാ നിരക്കിൽ ഉണ്ടായ ഇടിവ് ടൂറിസം രംഗത്തെ തളർച്ചയ്ക്ക് മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടു. ഇതിനൊരു കാരണം സംസ്ഥാനത്തെ നിലവിലെ മദ്യനയമാണെന്നും കണ്ടെത്തുകയുണ്ടായി . |
| ബി) | വിനോദ സഞ്ചാര മേഖല യുടെ വികസനത്തിനും തൊഴിലവസരങ്ങൾ | ബി) | കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, പരിസ്ഥിതി സൗഹാർദ്ദ സൗകര്യങ്ങൾ വികസിപ്പിക്കുക, |

| | |
|---|---|
| സൃഷ്ടിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സമഗ്ര മാലിന്യ നിർമ്മാർജ്ജന മാനേജ്മെന്റ് നടപ്പാക്കുക, അവയോടൊപ്പം കേരളത്തിലെ ടൂറിസ്റ്റ് സാധ്യതകളെ കാണിച്ച് വിവിധ രാജ്യങ്ങളിൽ റോഡ്ഷോകൾ, ട്രേഡ് ഫെയറുകൾ മുതലായവ സംഘടിപ്പിക്കുക, ഇവയ്ക്കെല്ലാം വേണ്ടത്ര പ്രചരണം നൽകുക എന്നിവ വഴി കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതിലൂടെ സംസ്ഥാനത്തിന്റെ വരുമാനവും തൊഴിൽ അവസരങ്ങളും വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന് കരുതുന്നു.<br><br>വിദേശ ടൂറിസ്റ്റുകളുടെ വരവ് നിലവിലെ എണ്ണത്തിന്റെ ഇരട്ടിയാക്കി വർദ്ധിപ്പിച്ചും ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവ് നിലവിലേതിനേക്കാൾ 50% വർദ്ധിപ്പിച്ചും വിനോദസഞ്ചാര മേഖലയിൽ നിലവിലെ 14 ലക്ഷം തൊഴിലവസരം 5 വർഷത്തിനുള്ളിൽ 4 ലക്ഷം കൂടി വർദ്ധനവ് വരുത്തുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.<br><br>യുവാക്കൾക്ക്, പ്രത്യേകിച്ചും ഗ്രാമീണമേഖലയിലെ യുവാക്കൾക്ക് തൊഴിലധിഷ്ഠിത കഴിവുകൾ ഉണ്ടാക്കുന്നതിനുതകുന്ന അനുഭവാധിഷ്ഠിതമായ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക വഴി കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാനാകുമെന്ന് കരുതുന്നു. സാധാരണ ജനങ്ങൾക്ക് ഗുണകരമാകുന്ന വിധത്തിൽ ഉത്തരവാദിത്ത വിനോദസഞ്ചാര പദ്ധതി നടത്തി വികസിപ്പിക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു. അതു വഴി കൂടുതൽ തൊഴിലവസരവും വരുമാനവും പ്രാദേശികമായി ലഭ്യമാകും എന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.